# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1987 — 05/10/2016 -ൽ മറുപടിക്ക്

## ഇടക്കൊച്ചി - അരൂർ പാലം പൈപ്പ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജോൺ ഫെർണാണ്ടസ് | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | എറണാകുളം ജില്ലയിലെ ഇടക്കൊച്ചി - അരൂർ പാലത്തിന്റെ അടിയിലും പാലത്തിന്റെ വടക്കേ അറ്റത്തുനിന്നും പാമ്പായിമൂലയിലെ നിർദ്ദിഷ്ട ഭൂതലസംഭരണി വരെയും പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | പ്രസ്തുത പ്രവൃത്തിക്ക് 4.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2014 (ഡി.എസ്.ആർ 2014) പ്രകാരം കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പുതുക്കിയ ഭരണാനുമതി ആവശ്യമായി വന്നതിനാൽ ടി പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായി. |
| (ബി) | ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടി നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (സി) | ഈ പ്രവൃത്തി ആരംഭിക്കുന്നതിന് ആവശ്യമായ റോഡ് കട്ടിംങ്ങിനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | പ്രദേശവാസികളുടെ ഏക ആശ്രയമായ ഈ റോഡിന്റെ വീതികുറവും ഗതാഗത പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതകളും കണക്കിലെടുത്ത് ജനങ്ങൾക്ക് യാത്രാ ക്ലേശം ഉണ്ടാകാത്ത രീതിയിൽ ഈ പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഈ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. യാത്രാ ക്ലേശം പരമാവധി കുറഞ്ഞിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/